പ്രതികരണം

○

സൈനബ് ഷാർജ

# സ്ത്രീധനം മുഖ്യചർച്ചയാവട്ടെ

**സ്ത്രീശാക്തീകരണ** ചർച്ചകൾക്കിടയിലും സ്ത്രീധനത്തിന്റെ പേരിൽ പ്രയാസങ്ങ ളനുഭവിക്കുന്ന അനേകം കുടുംബങ്ങൾ ചോദ്യചിഹ്നമാവുകയാണ്. വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ സ്ത്രീകൾ ഉയർന്നുവരുമ്പോഴും വിവാഹക്കമ്പോളത്തിൽ അവൾ വിലപേശപ്പെടുന്നു എന്ന തിക്ത യാഥാർഥ്യം കാണാതിരുന്നിട്ട് കാര്യമില്ല. പലചരക്ക് സാധനങ്ങൾക്ക് വില കയറുന്നതുപോലെ ഇന്ന് സ്ത്രീധന നിരക്കും കുത്തനെ ഉയരുകയാണ്. സ്ത്രീകളുടെ സംരക്ഷണത്തിനും ഉന്നമനത്തിനും അനേകം സംഘടനകളും പ്രസ്ഥാനങ്ങളും നമ്മുടെ നാട്ടിൽ കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്. ഈയവസരത്തിലും അടുക്കളയിൽ വേവിക്കുന്ന വെണ്ടക്കും വഴുതനക്കുമൊപ്പം ആത്മാവില്ലാത്ത ഒരുൽപന്നമായിക്കൊണ്ടിരിക്കുന്നു അവൾ.

സ്ത്രീധനം വാങ്ങുന്നവരെയും അതിന്റെ പേരിൽ സ്ത്രീയെ പീഡിപ്പിക്കുന്ന വരെയും ശിക്ഷിക്കാൻ നമ്മുടെ രാജ്യത്ത് നിയമമുണ്ട്. എന്നാൽ ഭൂരിപക്ഷം പേർക്കും ഇതെക്കുറിച്ചൊന്നും കേട്ടുകേൾവി പോലുമില്ല. സ്ത്രീധനം വാങ്ങുന്ന ഒരാളും നിയ മത്തെ പേടിക്കുന്നില്ല. അവരെ ചോദ്യം ചെയ്യാൻ സമൂഹത്തിലാരും തയാറാവുന്നില്ല എന്നതുതന്നെ കാരണം. ഇന്ന് പലിശയോ തിരിച്ചടവോ ഒന്നുംതന്നെ കൂടാതെ എളു പ്പം പണം ലഭിക്കാനുള്ള ഒരു മാർഗമായിത്തീർന്നിരിക്കുന്നു വിവാഹം.

പത്തൊമ്പതു വയസ്സുള്ള പേരക്കുട്ടിയുടെ വിവാഹത്തിന് ക്ഷണിക്കാൻ വന്ന വല്യുമ്മയോട്, എന്തിനാ മോനെ ഇത്ര ചെറുപ്പത്തിൽ തന്നെ കല്യാണം കഴിപ്പിക്കു ന്നത് എന്ന് ചോദിച്ചപ്പോൾ കിട്ടിയ മറുപടി, 'ഇതല്ലാതെ മറ്റൊരു മാർഗമില്ല. ഒരു വീടാണെങ്കി ആയിട്ടില്ല, ബാങ്കിലെ കടാണെങ്കില് പലിശ കേറിക്കെടക്ക്ണ്, ഇതി നൊക്കെ ചോദിച്ചാ ആരെങ്കിലും വെറുതെ തരോ?' എന്നായിരുന്നു. പരിഹാരം ഒരു പാവം പെൺകുട്ടിയെ ബലികഴിക്കുക തന്നെ! തന്റെ മകന് നൂറോ ഇരുന്നൂറോ പവനും കാറും ലഭിച്ചില്ലെങ്കിൽ കുടുംബത്തിൽ എങ്ങനെ തലയുയർത്തി നടക്കും എന്നതാണ് ചില സമ്പന്നരുടെ പ്രശ്നം. മകന് ബിസിനസ് തുടങ്ങാനും എം.ഡിക്ക് പഠിക്കാനും സ്ത്രീധനത്തുക കിട്ടിയിട്ടുവേണം. ഇങ്ങനെ പല ആവശ്യങ്ങൾക്കും സ്ത്രീധനം നൽകാൻ പെൺകുട്ടിയുടെ പിതാവ് നിർബന്ധിതനാണ്. ഇതിനൊക്കെ അവർക്ക്

പല ഞൊട്ടു ന്യായങ്ങളും എഴുന്നള്ളിക്കാനുണ്ട്. പ്രവാചകൻ(സ) മകളെ വിവാഹം കഴിച്ചയച്ചപ്പോൾ സമ്മാനങ്ങൾ നൽകിയിരുന്നല്ലോ, നമ്മുടെ മക്കളുടെ ഭാവി സുരക്ഷിതമാക്കാൻ ചില 'സമ്മാന'ങ്ങൾ നൽകുന്നതിലെന്തു തെറ്റ്? പ്രവാചകൻ(സ) തനിക്കുള്ളതിൽ നിന്നല്ലേ മകൾക്ക് സമ്മാനമായി നൽകിയത്? കടംവാങ്ങിയും കഷ്ടപ്പെട്ടും നൽകിയിട്ടില്ല. ഇവിടെ മകളുടെ ഭാവി ശോഭനമാക്കാൻ ഒരു കുടുംബം തന്നെ കടത്തിലും കണ്ണീരിലും മുങ്ങുമ്പോൾ അതെങ്ങനെ ന്യായീകരിക്കാനാവും? താങ്കളുടെ മകളെ ഞാൻ ഏറ്റെടുക്കണമെങ്കിൽ ഇത്ര സ്ത്രീധനം (അതും പെൺകുട്ടിയുടെ കുടുംബത്തിന് താങ്ങാവുന്നതിലപ്പുറം) നൽകണം എന്ന വ്യവസ്ഥയിൽ നൽകുന്നതെങ്ങനെ സന്തോഷത്തോടെ നൽകുന്ന സമ്മാനമാവും? പല മഹല്ലുകളിലും സ്ത്രീധനത്തിന്റെ നിശ്ചിത വിഹിതം പള്ളിക്കമ്മിറ്റിയിലേക്ക് പോകുന്നു എന്നതും വസ്തുതയാണ്.

സ്ത്രീധന വിവാഹങ്ങൾക്ക് വലിയ പ്രോത്സാഹനമാണ് സമൂഹത്തിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്. 5 പവൻ പോലും കൊടുക്കാൻ കഴിയാത്ത ഒരു കുടുംബം മകളെ 30 പവൻ നൽകിയാണ് കെട്ടിച്ചയക്കുന്നത്. ഒരു പെൺകുട്ടി രക്ഷപ്പെടട്ടെ എന്നു കരുതി നാം ഉദാരമായി സംഭാവന ചെയ്യുമ്പോൾ സ്ത്രീധനമെന്ന വിഷമരച്ചുവട്ടിൽ വളമിട്ടുകൊടുക്കുകയാണ്.

ഒരു കുശവത്തിയോട് നിങ്ങൾക്കിടയിൽ സ്ത്രീധന സമ്പ്രദായമുണ്ടോ എന്ന് ചോദിച്ചപ്പോൾ 'ചോദിച്ചിട്ട് എവിടുന്നാ എട്ത്ത് തരാ, അതുകൊണ്ട് ചോദ്യവുമില്ല, പറച്ചിലുമില്ല, നമ്മുടെ മക്കളെ കെട്ടിക്കുമ്പോ നമ്മടെ അട്ത്തുള്ളത് കൊടുക്കും അത്രതന്നെ.' ചോദിച്ചാൽ ലഭിക്കാനൊരു മാർഗവുമില്ലെന്ന് കാണുമ്പോൾ ചോദ്യത്തിന്റെയും നിബന്ധനകളുടെയും ശക്തിയും അളവും കുറയുകതന്നെ ചെയ്യും.

സമൂഹത്തിൽ സ്ത്രീധനം വാങ്ങുന്നവരെ നിർലോഭം സഹായിക്കുന്ന ഈ അവസ്ഥയാണ് മാറേണ്ടത്. വിവാഹം കഴിക്കാൻ സാമ്പത്തിക പ്രയാസം നേരിടുന്ന ചെറുപ്പക്കാർക്ക് സഹായം നൽകാനുള്ള ഏർപ്പാടുണ്ടാക്കുകയും സ്ത്രീധനം ആവശ്യപ്പെടുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനുള്ള സംവിധാനമുണ്ടാവുകയും വേണം. സ്ത്രീധനം വാങ്ങുന്നത് ശിക്ഷാർഹമാണെന്ന ബോധം സമൂഹത്തിലെ ഓരോ വ്യക്തിയിലുമുണ്ടാകണം. സ്ത്രീധനം വാങ്ങുന്ന പുരുഷനെ തനിക്കു വേണ്ടെന്ന് ഓരോ പെൺകുട്ടിയും തീരുമാനിക്കണം. തന്റെ മകൻ സ്ത്രീധനം വാങ്ങില്ലെന്ന് ഓരോ ഉമ്മയും തീരുമാനിക്കട്ടെ.

കാലങ്ങളായി സമൂഹത്തിൽ വേരുറച്ചുപോയ ഒരു അനാചാരത്തെ പെട്ടെന്ന് പിഴുതെടുക്കാൻ സാധിക്കില്ല എന്നുപറഞ്ഞ് പ്രശ്നത്തെ നിസാരവൽക്കരിക്കാതെ, ശക്തമായി രംഗത്തിറങ്ങേണ്ടതുണ്ട്. ചർച്ച സ്ത്രീധനം നൽകുന്നവരിൽ പരിമിതപ്പെടുത്താതെ, വാങ്ങുന്നവരെ ബോധവൽകരിക്കാനും പിന്തിരിപ്പിക്കാനും ശ്രമം നടത്തേണ്ടതുണ്ട്. ■